# PETALS

## of Malankara




*BOCHE (Dr. Boby Chemmannur) Inaugurating our CFC @ Kozhikode on 27th March 2024*

**722+** Crore Business

**74200+** Happy Members

**22080+** Depositors

**60400+** Loanees

Vol:28 | Issue : April 2024

PETALS of Malankara

# MALANKARA CREDIT SOCIETY LTD

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004
REG. NO. MSCS/CR/297/2008
MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED
*Registered Under*
MINISTRY OF CO-OPERATION, GOVT. OF INDIA
www.mmsccs.com info@mmsccs.com Toll-free: 1800 313 1223

LIBERTY THROUGH CO OPERATION

(Dr. BOBY CHEMMANUR)
812 Km. Run Unique World Record & Guinness Record Holder : World Peace
Social Worker | Sportsman | Businessman | Motivator | Entertainer
Boby Group

## Objectives:

TO
- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence

Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Mr.Jisso Baby**
Chairman

**Editorial Board**
**Chief Editor**
**Mrs.Mariyama Pious**
Vice Chairman

**Members**
**Jose ML**
**Christo Johny**
**Aiswarya Sanesh**
**Printo CJ**
**Helen Henry**
**Vishnu Prakash**

**Design & Layout**
**Domson Simon**





**NITHIN PONNENKANDATH**
KODAKARA

# സാമ്പത്തിക സ്വാതന്ത്ര്യം

**നമ്മുടെ കയ്യിൽ ലഭിക്കുന്ന പണത്തെ വേണ്ട രീതിയിൽ കൈകാര്യം ചെയ്യാൻ പഠിച്ചാൽ മാത്രമേ നമുക്ക് സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്ക് എത്താൻ സാധിക്കുകയുള്ളു. എന്നാൽ നമ്മളിൽ പലർക്കും വരുമാനത്തെ എങ്ങനെ കൈകാര്യം ചെയ്യണം എന്നുള്ള കാര്യത്തിൽ ഒരു ധാരണയും ഇല്ല. ഞാൻ ഇപ്പോഴും അത്ഭുതപ്പെടുന്നത് നമ്മുടെ സ്കൂളുകളിൽ എങ്ങനെ നന്നായി പഠിച്ചു ജോലി വാങ്ങാം എന്നതിനെ കുറിച്ചാണ് പഠിപ്പിക്കുന്നത്, എന്നാൽ എന്തിന് വേണ്ടിയാണ് നല്ല ജോലി വാങ്ങുന്നത്, പണം സമ്പാദിക്കുന്നതിനു വേണ്ടി. എന്നാൽ നമ്മൾ ജോലി ചെയ്തു കിട്ടുന്ന പണം എങ്ങനെ ചിലവഴിക്കണം എന്നതിനെ കുറിച്ച് യാതൊരു അറിവും കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നില്ലാതാനും. അതുകൊണ്ട് തന്നെ സാമ്പത്തിക നിരക്ഷരത നല്ല രീതിയിൽ തന്നെ നമ്മുടെ സമൂഹത്തെ ബാധിക്കുന്നുണ്ട്. കൂടാതെ ഒരുപാട് പണം ഉള്ളയാൾ മോശം ആളാണ് എന്നുള്ള ചിന്താഗതി കൂടി ഇന്ന് സമൂഹത്തിൽ ഉണ്ട്. ഇത് തികച്ചും തെറ്റാണ്.**

**പണം ഉണ്ടായാൽ ജീവിതത്തിൽ എല്ലാം നേടി എന്നുള്ള അഭിപ്രായം എനിക്കില്ലെങ്കിലും ജീവിതത്തിലെ 90% പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ പണത്തിന് സാധിക്കും എന്നുള്ളത് വസ്തുതയാണ്. ഇന്ന് നമ്മളിൽ ഭൂരിഭാഗം ആളുകളും ശമ്പളം ലഭിച്ചാൽ ആദ്യം ചെയ്യുന്നത് കടം കൊടുക്കാനുള്ള പണം കൊടുത്ത് തീർക്കൽ ആണ്. ഇത് തികച്ചും തെറ്റായ രീതി ആണ്. ആദ്യം ശമ്പളത്തിൽ നിന്നും മാറ്റി വക്കേണ്ടത്  നമുക്ക് വേണ്ട സമ്പാദ്യം ആണ്. അതിനു ശേഷമാണു ബാക്കി കാര്യങ്ങളിലേക്ക് കടക്കേണ്ടതുള്ളു. നിങ്ങളിൽ പലർക്കും ഇപ്പൊ സംശയം തോന്നാം. കടം വാങ്ങിയ പണം തിരിച്ചു കൊടുക്കേണ്ടതല്ലേ എന്ന്. തീർച്ചയായും തിരിച്ച് കൊടുക്കണം. പക്ഷെ നിങ്ങൾക്ക് വേണ്ട പണം മാറ്റി വച്ചതിനു ശേഷം മാത്രം അത് ചെയ്യണം. ഈ സമയം കടം വാങ്ങിയ പണം തിരികെ കൊടുക്കാനാകാതെ വന്നാൽ തീർച്ചയായും വരുമാനം കൂട്ടാനുള്ള വഴികൾ നിങ്ങൾ തിരയും. കാരണം അത് മറ്റൊരാൾക്ക് കൊടുക്കാനുള്ള പണം ആയത് കൊണ്ട്. പകരം മറ്റുള്ളവർക്കെല്ലാം കൊടുത്ത് നിങ്ങൾക്ക് വേണ്ട പണം തികയാതെ ആണ് വന്നതെങ്കിൽ നിങ്ങൾ അതിൽ വീട്ടുവീഴ്ച ചെയ്യുക യും വരുമാനം കൂട്ടാനുള്ള വഴികൾ നിരസിക്കുകയും ചെയ്യും.**

**പണം സമ്പാദിക്കുന്നതിന് ലോകത്തെമ്പാടും ഒരുപാട് റൂളുകൾ നിലവിൽ ഉണ്ട്. അതിൽ ഒരു റൂൾ ആണ് 50:30:20 റൂൾ. നമ്മുടെ ശമ്പളത്തിൽ നിന്നും 50% മാറ്റിവക്കേണ്ടത് ഒഴിവാക്കാൻവയ്യാത്ത ആവശ്യങ്ങൾക്ക് വേണ്ടിയാണ്. എന്താണ്** Needs, **ഭക്ഷണം, വീട്ടുവാടക തുടങ്ങി നമ്മുടെ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ചിലവുകളെ** Needs **എന്ന് വിളിക്കാം. പിന്നെ വരുന്ന 30% മാറ്റിവക്കേണ്ടത്** Wants **ന് വേണ്ടിയാണ്. എനിക്ക് വേണം എന്ന് തോന്നുന്നതും എന്നാൽ ആ കാര്യം ചെയ്തില്ലെങ്കിൽ ജീവിതത്തെ സാരമായി ബാധിക്കാത്തതുമായ ചിലവുകളെ** wants **എന്ന് പറയാം. ഉദാഹരണം പറയുകയാണെങ്കിൽ വില കൂടിയ മൊബൈൽ ഫോണുകൾ, ഉല്ലാസ യാത്രകൾ എന്നിവയെല്ലാം** wants **ഇൽ ഉൾപ്പെടുത്താം. ഇതിനു വേണ്ട തുക നമ്മുടെ ശമ്പളത്തിന്റെ 30% മേൽ പോകാതെ ശ്രദ്ധിക്കേണ്ടവയാണ്. ബാക്കി വരുന്ന 20% സമ്പാദ്യത്തിലേക്ക് മാറ്റി വക്കേണ്ടതാണ്. 10000 രൂപയാണ് നമ്മുടെ മാസശമ്പളം എങ്കിൽ 2000 രൂപ സമ്പാദിക്കാൻ നമുക്ക് സാധിക്കണം. ഇന്ന് പലരും ധരിച്ചു വച്ചിരിക്കുന്നത് എനിക്കിപ്പോൾ തുച്ഛമായ ശമ്പളമല്ലേ ലഭിക്കുന്നുള്ളൂ കൂടുതൽ ശമ്പളം ലഭിക്കുമ്പോൾ സമ്പാദിക്കാം എന്നാണ്. 10000 രൂപ ലഭിക്കുമ്പോൾ 2000 രൂപ സമ്പാദ്യത്തിലേക്ക് മാറ്റിവെക്കാൻ നിങ്ങൾക്ക് ആകുന്നില്ലെങ്കിൽ നാളെ 1 ലക്ഷം രൂപ ശമ്പളം ലഭിച്ചാലും 20000 രൂപ മാറ്റിവെക്കാൻ നിങ്ങൾക്ക് സാധിക്കില്ല.**

"Saving money is a habit rather than a talent".



# ക്ഷമയറ്റ യൗവനം



മണ്ണിലെറിഞ്ഞുടക്കല്ലേ മൂത്തെ
നിൻപൊന്നു വിലയുള്ള ജീവൻ
മൊട്ടിലെ മുരടിച്ചു പോകല്ലേ
നിഷ്ഠൂരതകൾ കാട്ടല്ലേ

ശോകനൈരാശ്യമകറ്റണം നീ
ക്ഷോഭിച്ചിടാതെ നോക്കണം
നോവുന്ന മനസ്സിനെ കാണണം
പാപജനത്തിനെയോർക്കണം

നീതിബോധങ്ങൾ കാട്ടണം
ഒരുക്രാന്തദർശിയായ് തീരണം
ധർമ്മമൂല്യങ്ങളുയർത്തണം
നീകർമ്മനിരതനായ് തീരണം

സൗഹൃദഹൃദയങ്ങൾ തേടണം
നിന്റെ കോപതാപമകറ്റണം
ഹിംസതൻ നാമ്പറുത്തീടണം
അഹിംസയെ വാനിലുയർത്തണം

സരസഭാവത്തിൽ സഹവർത്തിക്കണം
സഹനശക്തിയൂട്ടി വളർത്തണം
ഖിന്നമുഖത്തെയകറ്റി നടക്കണം
സമചിത്തതയോടെ നടക്കണം

ചോദക ശക്തിയുയർത്തി നീ
നിത്യശോകഭാവമകറ്റണം
മോഹച്ചിറകുതകർന്നാലും
ആത്മബലത്തിൽ നീ നില്ക്കണം



**N. K. SURENDRAN**
KASARAGOD

# ഏഴ് കൂറും കവിതകൾ

'അച്ഛാ നമ്മുടെ നാട് ദൈവത്തിന് വിറ്റുപോയോ?'
'അറിയില്ല മോനെ ലക്ഷണം കണ്ടിട്ട്
ദൈവം ഏറ്റെടുത്തതായിത്തോന്നുന്നില്ല....'

കുഞ്ഞുമകൾ വായിലെ പാൽകുപ്പിയെടുത്ത്
അച്ഛന് നൽകി ഒരു സിപ്പെടുക്കാൻ.
ഇത് മൂന്നുവട്ടം ആവർത്തിച്ചു; കുപ്പികാലിയായി!
ശൈശവം പറയാതെ പറഞ്ഞു:
'അച്ഛാ പങ്കുവയ്ക്കലല്ലേ ഉദാത്ത ജീവിതം!'

ഐ. ടി. യുവദമ്പതികൾക്കിടയിലെ
കുഞ്ഞുവാവ അർദ്ധരാത്രിയിൽ അലറിക്കരഞ്ഞു.
ഭാര്യ ഇണയെ തട്ടിയുണർത്തിപറഞ്ഞു
'ഞാനെന്റെ പാതിക്ക് മുൻപേ മുലകൊടുത്തതാ
ഇക്കരയുന്നത് നിന്റെ പാതി; നീ നോക്ക്, ഗുഡ് നൈറ്റ്!'

കുടുംബിനിക്കുവേണം വീട്ടിലൊരേകാന്തയിടം;
ഒന്ന് തേങ്ങാൻ , വിചാരപ്പെടാൻ , ഓർമ്മത്തേരിൽ പായാൻ.

അച്ഛന്റെ ഒരു ചിത്രം വരയ്ക്കാൻ പറഞ്ഞു ;
ഞാനൊരു നേർ വര മാത്രം വരച്ചു .
അപ്പോൾ, അച്ഛൻ എന്റെ വരയ്ക്കുമീതെയും
അമ്മ, എന്റെ വരയ്ക്കുതാഴെയും
ഓരോ വര വരച്ചു.
ഞാൻ വരച്ചത് പുഴ; അവർ വരച്ചത് തടവറ.

ഒറ്റയ്ക്ക് പാർക്കും അവിവിവാഹിതൻ വൃദ്ധൻ,
ആസ്ത്മാരോഗി; അയൽപക്കവും അവധിയിൽ.
കൊടുങ്കാറ്റ്, വരും മഴ, വൈദ്യുതിയും ഫോണും നിലച്ചു.
ജീവൻ തെറിപ്പിക്കും കൊടും ചുമ, ശ്വാസം മുട്ടൽ,
അയാൾ അച്ഛനെയോർത്തു ചോദിച്ചു
അച്ഛനെന്തേ എന്നെപോലെ അവിവാഹിതനായില്ല?

കേൾക്കാം, ഈ ചിപ്പിയിൽ ആഴിത്തിരയിരമ്പും;
ഈ ഓടക്കുഴലിൽ വനരാഗരൗദ്രതാളം;
പ്രളയ പ്രവാഹത്തിൽ ജ്വാല മുഖിതൻ ശ്വാസം;
ദല മർമ്മരങ്ങളിൽ കൊടുങ്കാറ്റിന്റെ നിശ്വാസം
ശൈശവനിലാപുഞ്ചിരിയിലോ വിശ്വശാന്തിമന്ത്രം!



**THOMAS GEORGE**
TRIVANDRUM

## TOP PERFORMERS AM (ASSIST TO MEMBER)




**MARY THOMAS**
**10 LAKHS**




**RAKESH BALAKRISHNAN**
**5 LAKHS**




**JOSHY THAIKKATTILL**
**3 LAKHS**




**KARUNAKKARAN PILLAI**
**3 LAKHS**



**ANSON BABU**
PONGANAMKAD



# വർഷങ്ങൾക്കുശേഷം



കൂടെ വേണമെന്ന് ആഗ്രഹിച്ചിട്ടും അർഹതയില്ലാഞ്ഞിട്ട് കിട്ടാതെ പോയ ആ ഒരു മുഖം... പ്രതീക്ഷിക്കാതെ വീണ്ടും കാണുമ്പോ, ഒന്ന് പൊട്ടിക്കരയാൻ പോലും പറ്റാതെ, ശരീരവും മനസ്സും ആകെ മരവിച്ചു പോവും...


ഇന്ന് അവളെ കണ്ടു.... വർഷങ്ങൾക്കിപ്പുറം ഒട്ടും പ്രതീക്ഷിക്കാതെയുള്ള കണ്ടുമുട്ടൽ... എന്ത് ചെയ്യണമെന്നോ, എന്ത് പറയണമെന്നോ അറിയാതെ, തരിച്ച് നിന്ന് പോയി. അന്ന് മുതൽ ഇന്നേ വരെ അനുഭവിച്ച എല്ലാ വേദനകളും ഉള്ളിൽ ഒതുക്കി, പുറമേ ചിരിച്ചുകൊണ്ട് ഞാൻ ചോദിച്ചു... ഓർമ്മയുണ്ടോ....? ഫോണിൽ നിന്നും ആ കണ്ണ്, എന്നിലേക്ക് തിരിഞ്ഞു. 'അതെ' എന്ന മറുപടി കേട്ടതും നെഞ്ച് ആകെ പിടഞ്ഞു. എന്തിനെന്ന് അറിയില്ല... തല ആകെ ചുറ്റി കറങ്ങുന്ന പോലെ, തൊണ്ടയിലെ വെള്ളം വറ്റി വരണ്ടു, അപ്പോഴേക്കും എന്റെ ശബ്ദം ഇടറി പോയിരുന്നു... ഒന്നും പുറത്ത് കാണിക്കാതെ, അവളുടെമുന്നിൽ പിടിച്ചു നിന്ന ആ 2 മിനുട്ട്. ഇപ്പഴും മാറിയിട്ടില്ല, ആ മരവിപ്പ്... എന്തായാലും, ഒരു സമാധാനം ഉണ്ട്. നാളെ അവള് ആരുടേത് ആയാലും, എന്നെ കാണുമ്പോ ഒന്ന് ഓർക്കും... ചിലപ്പോ ഒന്ന് ചിരിക്കും... അത് മതി... വേദനയോടെ ആയാലും, വരാൻ പോവുന്ന യാഥാർത്ഥ്യം, അംഗീകരിച്ചല്ലേ പറ്റൂ... അത് നിനക്ക് വിധിച്ചിട്ടില്ല എന്ന്, മനസ്സിനെ പറഞ്ഞു പഠിപ്പിച്ചു... അവള് പോയി, എങ്ങനെയെങ്കിലും ഒന്ന് വീടെത്താൻ ഞാൻ കാണിച്ച വെപ്രാളം എനിക്ക് ഇപ്പോഴും മനസ്സിലാവുന്നില്ല... റൂമിൽ എത്തി... വീട്ടിൽ ആരുമില്ല... തുറന്നിട്ട ജനാലകളും, കർട്ടനും നീക്കി. മനസ്സ് പോലെ തന്നെ, റൂമിനെയും ഇരുട്ടുള്ളതാക്കി മാറ്റി. അറിയാതെ ഒന്ന് മുകളിലേക്ക് നോക്കി ദൈവത്തോട് ചോദിച്ചു... എന്തിന് എന്നോട് ഇങ്ങനെയൊക്കെ....? പിന്നെ നിയന്ത്രിക്കാൻ ആയില്ല... ഒരു കൊച്ചു കുട്ടിയെപ്പോലെ തലയണ കടിച്ചു പിടിച്ച് ആർത്തലച്ച് നിലവിളിച്ചു... ചിലത് അങ്ങനെയാ... എല്ലാ പരീക്ഷണങ്ങൾക്കും ഒടുവിൽ, വർഷങ്ങൾക്ക് ശേഷം, അറിയാതെ എങ്കിലും ഒന്ന് പുഞ്ചിരിച്ചാൽ, ആ ഒരു സെക്കന്റിൽ തന്നെ, പുതിയ വേദനകൾ നമ്മെ തേടി വരും... അല്ലെങ്കിൽ, പഴയ വേദന, അതേ തീവ്രതയോടെ പ്രതീക്ഷിക്കാതെ നമ്മുടെ മുന്നിൽ വരും. ഇതാണ് ചിലരുടെ യാക്കെ ജീവിതം... ഒന്നുറപ്പായി, ഒരിക്കലും ഞാൻ പഴയത് പോലെ ആവില്ല...

'ചില ജീവിതമങ്ങനെയാ കേൾക്കുമ്പോ മറ്റുള്ളവർക്ക് നിസാരമായി തോന്നുന്ന പല പ്രശ്നങ്ങളും, അനുഭവിക്കുന്നവർക്ക് ജീവൻപോകുന്ന വേദനയാ... ഓരോ വേദനക്കും ഓരോ അവസ്ഥയുണ്ട്... ഒന്നും ചെറുതല്ല... അത് അനുഭവിക്കുന്നവർക്ക് മനസ്സിലാവും അല്ലാത്തവർക്ക് മനസ്സിലാവില്ല'



**REJITH G R**
TRIVANDRUM








**ARSHA SAJEEVAN**
THRISSUR







**PRAYAG VP**
POOCHATTY




## മാറുന്ന വസന്തം

ജീവിതമെന്ന സുഹൃത്തിനെയും
പിടിച്ചാണ് എൻ യാത്രകൾ തുടങ്ങിയത്
കണ്ടു ഞാൻ എൻമുഖങ്ങളെ
പലരുടെയും മുഖത്തായി
കേട്ടു ഞാനെന്റെ ശബ്ദം
പല രീതിയിൽ ആയി.
ഇനി ഏറെനാൾ കാണണം
കേൾക്കണം ഒളിഞ്ഞിരിക്കുന്ന
എന്നിലെ വസന്തത്തെ



**VISHNU KU**
AVINISSERY




കുന്നൂർ കസ്റ്റമർ ഫെസിലിറ്റേഷൻ സെന്റർ കുന്നൂർ മുൻസിപ്പിൽ വൈസ് ചെയർമാൻ ശ്രീ. വസീം രാജ ഉദ്ഘാടനം ചെയ്തു.



**RESMI**
TRIVANDRUM

# സ്ത്രീ

വിദ്യ വീണ്ടും വീണ്ടും നാളത്തെ ട്രെയിൻ സമയം നോക്കി, ചെറിയ ബാഗിൽ അലക്ഷ്യമായി വാരിവച്ച തന്റെ വസ്ത്രങ്ങൾ തന്റെ തന്നെ ആണോ എന്നും വീണ്ടും നോക്കി, അവൾ ആദ്യമേ അങ്ങനെ ആണ് പുറമെ എത്ര വേഷം കെട്ടിയാലും ഉള്ളിൽ സംശയ കെട്ട് പൊട്ടിക്കും, താൻ എങ്ങനെ ഇങ്ങനെ ആയി വിദ്യ സ്വയം ചോദിച്ചു, എല്ലാം ശരി ആണെന്ന തോന്നലോ, അതോ തെറ്റുകൾ കൂടി പോയി എന്ന തോന്നൽ ആണോ. തെറ്റുകൾ കൂടി പോയി എന്ന ചിന്ത അതിരു കടന്നു അവൾ കട്ടിലിൽ കിടന്ന തലയിണ തന്റെ ശരീരത്തിലേയ്ക്ക് തിരുകി ചേർത്ത് കുറേ കരഞ്ഞു. കൂട്ടുകാരിയെ ഒന്ന് രണ്ടു വട്ടം ഫോണിൽ വിളിച്ചെങ്കിലും അവളുടെ മനസിൽ വിങ്ങി പൊട്ടുന്നതൊന്നും പറയാൻ കഴിഞ്ഞില്ല, പക്ഷെ തന്റെ ശബ്ദത്തിലെ വെതിയാനങ്ങൾ തിരിച്ചറിയാൻ ആത്മസുഹൃത്തിനു നിമിഷങ്ങൾ വേണ്ടി വന്നില്ലെങ്കിലും വൈദേഹി വിദ്യയോട് അപ്പോൾ ഒന്നും ചോദിച്ചില്ല. വിദ്യയും വൈദേഹിയും എന്റെ അടുത്ത കൂട്ടുകാരികളാണ്, അവരുടെ സൗഹൃദത്തെ കുറിച്ചും വിദ്യയ്ക്കുണ്ടായ ഒരു ദുരനുഭവത്തെ കുറിച്ചും പറയുവാൻ ഉദ്ദേശിച്ചാണ് ഞാൻ എഴുതി തുടങ്ങിയത്, പക്ഷെ അഞ്ചോ ആറോ പേജുകളിലാക്കി ഒരു ചെറുകഥ എങ്ങനെ എഴുതാം എന്നു നോക്കിയിട്ട് എവിടെ തുടങ്ങി എവിടെ അവസാനിപ്പിക്കാനാണ് ഒരു പിടിയും കിട്ടുന്നേയില്ല, അവളെ കുറിച്ച് പറഞ്ഞു തുടങ്ങേണ്ട അതെങ്ങനെ അപ്പൊ പിന്നെ മാതാപിതാക്കളെയും അവളെ ചുറ്റി പറ്റി ഒത്തിരികാര്യങ്ങൾ പറയുക അല്ലാതെ മറ്റു നിർവാഹം ഒന്നും ഇല്ല.



40 കളിലേയ്ക്ക് കടന്നു തുടങ്ങുന്ന ഒരു സ്ത്രീയുടെ തുടക്കം എപ്പോഴും ജനിച്ചു വളർന്നവീടും നാടും ഒക്കെ ആണ് പിന്നെ പറിച്ചു നടപ്പെട്ട ഭർത്താവിന്റെ വീടും സ്ഥലവും നാട്ടിൻ പുറത്തുനിന്നും നഗരത്തിന്റെ തിരക്കിൽ വന്നു പെട്ട വിദ്യയ്ക്കു ഇണങ്ങി ചേരെണ്ടി വന്നത് കുടുംബംന്തരീക്ഷം മാത്രം അല്ല സ്വന്തം തനിമയിൽ ചിരിക്കാനുള്ള അവകാശം പോലും നഷ്ടമായി. കെട്ട് പാടുകളിൽ പെട്ടു നട്ടം ചുറ്റിയ അവൾക്കു ഇതുവരെ സ്വന്തമായൊരു ശൈലി സ്വായത്തമാക്കാൻ പിന്നീട് കഴിഞ്ഞില്ല എന്നുള്ളതും സത്യം ആണ്.

ഇപ്പോഴും എവിടെ നിന്നു തുടങ്ങും എന്നറിയില്ല, പറഞ്ഞു തുടങ്ങിയാൽ 40 വയസ്സിനുള്ളിൽ ഒരു സ്ത്രീ എന്തെല്ലാം എങ്ങനെയെല്ലാം ആയി എന്നു എഴുതി പിടിപ്പിക്കുക ചെറിയ കാര്യം അല്ല എന്നു മനസിലായി. ഒരിക്കലും പുറമെ നിന്നു ഒരാവരണം തീർത്തു  മനസിലാക്കി കഴിഞ്ഞു എന്ന മിഥ്യ ധാരണയിൽ ഒന്നും തുടങ്ങുവാനോ അവസാനിപ്പിക്കുവാനോ കഴിയുന്നതല്ല സ്ത്രീ എന്നു ഞാൻ ഇപ്പോൾ ഉൾകൊള്ളുന്നു. ലെജ്ജയോടെ ഞാൻ ഈ ദൗത്യത്തിൽ നിന്നും പിന്മാറുന്നു, അതെ വഴിയുള്ളൂ എന്നു മനസിലാക്കി സങ്കടത്തോടെ ക്ഷമ പറയുന്നു, കുറച്ചു കൂടി ആഴത്തിൽ മനസിലാക്കി ഞാൻ വീണ്ടും വരും, സ്ത്രീ വെറും പാഠം മാത്രം അല്ല.

## പാചക രംഗം



# പച്ചമാങ്ങ ജ്യൂസ്

### ആവശ്യമുള്ള സാധനങ്ങൾ

നല്ല മൂത്തമാങ്ങ 4 എണ്ണം 'മൂവാണ്ടൻ മാങ്ങയാണ് ഉത്തമം'.
പഞ്ചസാര ആവശ്യത്തിന്
ഇഞ്ചി ഒരു കഷണം
ഏലക്ക 1 എണ്ണം



MARIYAMA PIOUS
Vice -Chairman

### തയ്യാറാക്കുന്ന വിധം

മാങ്ങ കഴുകി വൃത്തിയായി ചെറിയ കഷ് ണങ്ങളാക്കുക. മിക്സിയുടെ ജാറിലേക്ക് മാങ്ങയും പഞ്ചസാരയും ഇഞ്ചി ചെറുതാക്കി അരിഞ്ഞതും ഏലക്കയും കൂടി വെള്ളമൊഴിച്ച് അടിച്ചെടുക്കുക. അതിനുശേഷം അരിച്ച് ഉപയോഗിക്കാം. വീണ്ടും വെള്ളമൊഴിച്ച് അരിച്ചെടുക്കുക. മധുരം ആവശ്യമെങ്കിൽ ചേർക്കാം. മാങ്ങ ജ്യൂസ് റെഡി, തണുപ്പിച്ചതിനുശേഷം കഴിച്ചാൽ കൂടുതൽ നന്നായിരിക്കും.

# ஒன்றை ஒன்று சார்ந்து இருப்போம்

இந்த கதை அனைத்து உயிரினங்களும் அவற்றின் வாழ்வாதாரம் மற்றும் நல்வாழ்வுக்காக ஒன்றை ஒன்று சார்ந்து இருப்பதைக் காட்டுகிறது. நீண்ட நாட்களுக்கு முன்பு வட இந்தியாவில் உள்ள ஒரு காட்டில் மரங்கள் ஒன்று விவாதித்துக் கொண்டிருந்தன. வனவிலங்குகள் நிரம்பத் தின்ற பின்னர் விட்டுச் செல்லும் சடலங்களைக் கண்டு வெறுப்படைந்தனர். விலங்குகள் தங்கள் இரையைக் கொண்டுவந்து மரங்களின் நிழலில் சாப்பிட்டுவிட்டு அங்கேயே ஓய்வெடுக்கும்.

சால் மரம் மிகவும் அதிருப்தி அடைந்தது. "இந்த விலங்குகளால் அந்த இடம் முழுவதும் துர்நாற்றம் வீசுகிறது, இது மிகவும் அருவருப்பானது", "அவர்களுக்கு எங்கள் மீது எந்த அக்கறையும் இல்லை!" "ஆமாம், நீ சொல்வது உண்மைதான்" என்று முணுமுணுத்தது ஜாமுன் மரம், "குறிப்பாக மழையின் போது நாற்றம் தாங்காது". வேப்ப மரமும், "ஆம், நாம் உண்ணுவதை எதிர்க்கவில்லை, விலங்குகள் இடத்தை தூய்மையாக வைக்க கவலைப்படுவதில்லை. நாம் ஏதாவது செய்ய வேண்டிய நேரம் வந்துவிட்டது". மற்ற மரங்களும் உடன்பட்டன.

அதில் மிகவும் பழமையான பீப்புல் மரம் ஆழமான குரலில், "ஏய் யங் ஃபெலோஸ், லைஃப் அட்ஜஸ்ட் செய்யக் கற்றுக்கொள்ள வேண்டும். எப்படியிருந்தாலும், நாம் அனைவரும் ஒருவரையொருவர் சார்ந்து இருக்கிறோம், நாம் அவர்களுக்கு நிழல் தருகிறோம், அவர்கள் நம்மை மக்கள் வெட்டுவதிலிருந்த காக்கின்றன.... "பீப்புல் முடிப்பதற்கு முன்பே, "ம்ம்ம்ம்ம்.. அவர்களுக்கு அந்த இடத்தை அசுத்தப்படுத்துவது மட்டும்தான் செய்கிறார்கள், நம்மை பாதுகாக்கும் வேலையை செய்யவில்லை என்று கேலி செய்தது.

பீபுல் மரம் , கேட்காமல் கொடுக்கப்பட்ட எந்த அறிவுரையும் மதிக்கப்படாது என்று அமைதியாக இருந்தது.

மறுநாள், ஒரு சிறுத்தை வந்து சால் மரத்தின் அடியில் அமர்ந்தவுடன், மரம் ஆட்கொண்டது போல் பலமாக குலுங்கியது. இதனால் அதிர்ச்சியடைந்த சிறுத்தைப்புலி அங்கிருந்து தப்பி ஓடியது. அடுத்த சில நாட்களில், சால் மரமும் அவரது நண்பர்களும் இதேபோல் நடந்து, அனைத்து காட்டு விலங்குகளையும் விரட்டியது. சில நாட்களுக்குப் பிறகு, இந்த மரங்களின் அருகே எந்த மிருகமும் வரவில்லை. சில மாதங்களுக்குப் பிறகு, அனைத்து வனவிலங்குகளையும் விரட்டியடித்ததில் சால் மரம் மிகவும் பெருமிதம் கொண்டது, மேலும் துர்நாற்றம் இல்லை என்று மிகவும் மகிழ்ச்சியடைந்தது. மறுநாள், ஒரு குழு மனிதர்கள் தங்கள் கோடாரிகளுடன் காட்டுக்குள் வந்தனர்.

ஆட்கள் வந்து எந்த மரத்தை முதலில் வெட்டுவது என்று முடிவு செய்ய ஆரம்பித்ததும் சால் அதிர்ச்சியடைந்தது. "இவர்கள் ஏன் இங்கு வந்தார்கள்? யார் நம்மைக் காப்பாற்றுவார்கள்?" சாலைச் சுற்றியிருந்த மற்ற மரங்களும் பீதியடைந்தன, வயதான பீப்புல் பேசும்போது, "நீங்கள் நம் பாதுகாவலர்களாக இருந்தவர்களை விரட்டியடித்தீர்கள், அந்த நேரத்தில் நீங்கள் கொஞ்சம் பொறுமையாக இருந்திருந்தால், இப்போது நீங்கள் வருந்த மாட்டீர்கள், இப்போது காட்டு விலங்குகள் இல்லை, அதனால் மனிதர்கள் தைரியமாக வந்து நம்மில் பலரை வெட்டி கொண்டு போவார்கள்." அதற்கு சால் மரம் பதில் சொல்வதற்குள் கோடாரி அதன் கழுத்தில் விழுந்தது...



JANARDHANAN
POONKUNNAM

# നിങ്ങൾക്കും സമ്മാനം നേടാൻ അവസരം

PETALS of Malankara

നിങ്ങളുടെ സാഹിത്യ അഭിരുചികൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മലങ്കര ക്രെഡിറ്റ് സൊസൈറ്റി മാസം തോറും പ്രസിദ്ധീകരിക്കുന്ന ഇ മാഗസിൻ അവസരം ഒരുക്കുന്നു.

നിങ്ങളുടെ കലാസൃഷ്ടികൾ 90725 97329 എന്ന നമ്പറിലേക്ക് നിങ്ങളുടെ മുഴുവൻ പേരും ഫോട്ടോയും സ്ഥലവും സഹിതം വാട്സാപ്പ് ചെയ്യൂ


അല്ലെങ്കിൽ media@mmsccs.com ലേക്ക് ഇമെയിൽ ചെയ്യൂ.

മാഗസിനിൽ മാസം തോറും പ്രസിദ്ധീകരിക്കുന്ന മൂന്ന് കലാസൃഷ്ടികൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നതായിരിക്കും.

**എല്ലാവർക്കും കലാസൃഷ്ടികൾ അയക്കാവുന്നതാണ്.**

CONGRATULATIONS!

## ഇ-മാഗസിൻ ഫെബ്രുവരി ലക്കത്തിൽ പ്രസിദ്ധീകരിച്ച കൃതികളിൽ നിന്നും നറുക്കെടുപ്പിലൂടെ സമ്മാനർഹരായവർ



GIFT WAS ACCEPTED BY JOSE ML




GIFT WAS ACCEPTED BY BIJU




GIFT WAS ACCEPTED BY LISSY

## *MARCH* Liability Products



1st — 22.85 Lakhs

KRISHNA PRASAD
Junior Officer - Gold Loan



2nd — 16 Lakhs

GIRIJA K
ABM Liability



3rd — 10 Lakhs

VAISHNAV C U
Unit Head



SUJITH.G
Branch Manager



ARUNKUMAR T P
BC operation Vadakkara